(ഡി) സംസ്ഥാനത്ത് ദീർഘകാലാടിസ്ഥാനത്തിൽ മുള ഉല്പാദിപ്പിക്കാൻ പദ്ധതി ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ നദികളുടേയും കരയിൽ മുള വച്ചുപിടിപ്പിക്കുന്നതിനും അതിലൂടെ മുളയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്തെ മുള ഉല്പാദനത്തിന്റെ സാധ്യതകളെക്കുറിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും എന്തെങ്കിലും പഠനം നടത്തിയതായി സർക്കാരിന് അറിവുണ്ടോ;

(ജി) എങ്കിൽ മുള ഉല്പാദനം വർധിപ്പിക്കുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഇല്ല

(ബി) 1,69,000 ടണ്ണോളം മുള പ്രതിവർഷം ആവശ്യമായി വരുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി)&(ഡി) സ്വാഭാവിക വനങ്ങളിലുള്ള മുളങ്കാടുകൾ സംരക്ഷിച്ചു പരിപാലിക്കുന്നതിന് പുറമേ 1997-98 വരെ ആകെ 2227 ഹെക്ടർ സ്ഥലത്ത് മുളത്തോട്ടങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി 4700 ഹെക്ടർ സ്ഥലത്ത് മുളയും ഈറ്റയും നട്ടുവളർത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ 100 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന തടിയിതര വനവിഭവ പദ്ധതിയിൽ ഉൾപ്പെടുത്തി മുളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പംതന്നെ മുളങ്കാടുകളുടെ ഉല്പാദനക്ഷമത കൂട്ടുന്നതിനും മുളയുടെ ശേഖരണത്തിലും പരിപാലനത്തിലും നൂതന സാങ്കേതിക മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഇ) വനാന്തർഭാഗത്തുള്ള നദികളുടെ കരകളിൽ മുള വച്ചുപിടിപ്പിച്ചുവരുന്നു.

(എഫ്) ഉണ്ട്

(ജി) നടപടി സ്വീകരിച്ചിട്ടുണ്ട്.

12 (*445) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ സുഗന്ധവിള വികസനത്തിന് പദ്ധതി

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് സുഗന്ധവിള വികസനത്തിന് പുതുതായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സുഗന്ധവിളത്തോട്ടങ്ങളിലെ മണ്ണു സംരക്ഷണത്തിനായി പ്രത്യേകപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവയെന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്ത് സുഗന്ധവിളകളുടെ ഉല്പാദനം, വിപണനം, വിലനിലവാരം, ഇവയിലുണ്ടായ നേട്ടങ്ങളേയും കോട്ടങ്ങളേയുംപറ്റി ഓരോ സുഗന്ധവിളകളുടേയും സ്ഥിതി വിവരകണക്കുകൾ ഉദ്ധരിച്ചുകൊണ്ട് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി)എട്ടാം പദ്ധതിമുതൽ കേന്ദ്രസഹായത്തോടെ നടപ്പാക്കിവരുന്ന "സംയോജിത സുഗന്ധവിള വികസനപദ്ധതി" അനുസരിച്ച് 1999-2000 വർഷത്തേക്ക് 872.96 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രധാന സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ജാതി, കറുവാപ്പട്ട, മുളക്, വാനില തുടങ്ങിയ വിളകളുടെ വികസനവും ഉല്പാദനവും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

(സി)&(ഡി) സംയോജിത സുഗന്ധവിള വികസനപദ്ധതിയുടെ ഭാഗമായി സുഗന്ധവിളത്തോട്ടത്തിൽ അനുയോജ്യമായ രീതിയിൽ മണ്ണുസംരക്ഷണ പദ്ധതിക്ക് ഹെക്ടർ ഒന്നിന് 3000/- രൂപയും സുഗന്ധ വ്യജ്ഞന ബോർഡും പശ്ചിമഘട്ട വികസന ഏജൻസിയും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി മണ്ണ് സംരക്ഷണത്തിന് ഹെക്ടറിന് ചെലവായ തുകയുടെ 75% എന്ന തോതിൽ പരമാവധി 9300/- രൂപയും സഹായം നൽകുന്നുണ്ട്.

(ഇ) വിശദവിവരം ശേഖരിച്ചുനൽകുന്നതാണ്.

13 (*446) വേപ്പിൻകുരു കഷായം

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേപ്പിൻകുരു കഷായം കീടനാശിനിയായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള വിദേശരാഷ്ട്രങ്ങളുടെ ഗവേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിക്കുകയുണ്ടായോ;

(ബി) വേപ്പിൻകുരു കഷായത്തെപ്പറ്റി മനിലയിലെ അന്താരാഷ്ട്ര നെല്ല് ഗവേഷണകേന്ദ്രത്തിന്റെ അഭിപ്രായമെന്താണെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly